പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 756 12-06-2013 - ൽ മറുപടിയ്ക്ക്

**മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.എ.എ.അസീസ് | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) ഗുണനിലവാരം ഉറപ്പു വരുത്തുന്നതിലേയ്ക്കായി മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് അയച്ച് പരിശോധിച്ചു വരുന്നു. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതക്കൾക്കെതിരെ കർശനമായ നിയമ/വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ക്വാഡുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകളുടെ സാമ്പിളുകൾ എടുത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി അയക്കുന്നുണ്ട്. എല്ലാ മാസവും ഡ്രഗ്സ് ഇൻസ്പെക്ടർ**മാർ** 6 സാമ്പിളുകൾ വീതം എടുക്കുന്നുണ്ട്. കൂടാതെ പരാതി പ്രകാരം ഉള്ള സാമ്പിളുകൾ മുൻഗണന നൽകി പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ